പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3339 — 24.06.2013-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ് വില്ലേജ് നിർമ്മാണത്തിന്റെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ ദേശീയ ഗെയിംസ് എന്നത്തേക്ക് നടത്തുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് ; | (എ) | അന്തിമ തീരുമാനമായിട്ടില്ല. |
| (ബി) | ഗെയിംസ് വില്ലേജ് എവിടെ സ്ഥാപിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത് ; ഗെയിംസ് വില്ലേജ് നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ; | (ബി) | തിരുവനന്തപുരം കഴക്കൂട്ടത്തിനുസമീപമുള്ള മേനംകുളത്താണ് ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നത്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള 28 ഏക്കർ സ്ഥലം ഗെയിംസ് വില്ലേജ് നിരമ്മാണത്തിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ട്. നിർമ്മാണത്തിനായി 4 കമ്പനികളെ പ്രീക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്നും ഫിനാൻഷ്യൽ ബിഡ് വാങ്ങി നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | ഗെയിംസ് നടത്തിപ്പിനായി കേന്ദ്ര സർക്കാർ, ഇതര ഏജൻസികൾ എന്നിവ മുഖാന്തിരം എത്ര തുക അനുവദിച്ചിട്ടുണ്ട് ; ഇനി എത്ര തുക പ്രതീക്ഷിക്കുന്നു ; | (സി)<br>&<br>(ഡി) | ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ 55 കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത് സംസ്ഥാന സർക്കാർ സമർപ്പിച്ച 611.33 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ 403.36 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും, ഇതിന്റെ 30 ശതമാനമായ 121 കോടി രൂപ അനുവദിക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഗഡുവായി അനുവദിച്ച 55 കോടി രൂപ കഴിച്ച് ഇനി 66 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. ഗെയിംസിന്റെ സുഗമമായ നടത്തിപ്പിന് ഈ തുക അപര്യാപ്തമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 611.33 കോടി രൂപയുടെ 50 ശതമാനമായ 306 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന തുക കഴിച്ച് ബാക്കി തുക സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടതുണ്ട്. |
| (ഡി) | ഗെയിംസ് നടത്തിപ്പിനായി സംസ്ഥാന സർക്കാരിന് ചെലവഴിക്കേണ്ടി വരുന്ന പ്രതീക്ഷിത തുക എത്രയാണ് ? | | |

സെക്ഷൻ ഓഫീസർ